# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചൊക്ലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/1806/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 07/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊക്ലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/1806/2023 തീയ്യതി: 07/12/2023

## കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-11-2022 മുതൽ 19-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2023 | 28-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-11-2023 | 28-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ - ഓഡിറ്റ് ഓഫീസർ( ഹഗ്രേ)
ശ്രീമതി.ഷിജില.വി.ഡി -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുമതി.ടി.ഒ - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഗോകുൽ.ഡി.കെ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.രമ്യ.സി.കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സന്തോഷ് കുമാർ.കെ | സെക്രട്ടറി | 01-04-2022 | 06-04-2022 |
| ശ്രീമതി.ഷീജാമണി.കെ | സെക്രട്ടറി | 07-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അശ്വതി വിജയൻ | കൃഷി ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീമതി.ഇർഷാന.എം.പി | കൃഷി ഓഫീസർ | 01-08-2022 | 28-10-2022 |
| ശ്രീമതി.അമ്പിളി എലിസബത്ത് | കൃഷി ഓഫീസർ | 29-10-2022 | 31-03-2023 |
| ഡോ.കെ.ചന്ദ്രശേഖരൻ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.അമൃതകല | മെഡിക്കൽ ഓഫീസർ -പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ.ഷോന.എസ്.ആർ | മെഡിക്കൽ ഓഫീസർ -ജി എച്ച് ഡി | 01-04-2022 | 31-03-2023 |
| ശ്രീമതി.സരിത.പി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു.കെ.എൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.കല.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ആനന്ദൻ.പി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 18-12-2022 |
| ശ്രീ.ആനന്ദ്.ടി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 19-12-2022 | 31-03-2023 |
| ശ്രീ.ജസീർ.കെ.പി | വി ഇ ഒ - ഒളവിലം | 01-04-2022 | 31-03-2023 |
| ശ്രീ.ബിജീഷ്.എൻ.കെ | വി ഇ ഒ - നിട്ടുമ്പ്രം | 01-04-2022 | 31-10-2022 |
| ശ്രീമതി.ഫെമിന ഫ്രാങ്കോ | വി ഇ ഒ - നിട്ടുമ്പ്രം | 01-11-2022 | 31-03-2023 |
| ശ്രീമതി.ഷിബിന.എ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 09-08-2022 |
| ശ്രീ.സുഭാഷ്.എസ്.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 10-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ ത**ൻ**വ**ർ**ഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയി**ൽ** മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേ**ർ**ത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ലോൺ ബാധ്യത ഇല്ലാതിരുന്നിട്ടും വികസന ഫണ്ട് അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കുറവു വരുത്തിയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ബേങ്ക് അക്കൌണ്ടിൽ ഇല്ലാത്ത തുക ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തി | 1-1-5 |
| 7 | മുൻ വർഷങ്ങളിൽ ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-1-6 |
| 8 | ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. | 1-1-7 |
| 9 | ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഗ്രോസ് സർപ്ലസ് /ഡെഫിസിറ്റ് ഓഫ് ഇൻകം ഓവർ എക്സ്പൻഡിച്ചർ കണക്കാക്കിയതിൽ വ്യത്യാസം | 1-1-8 |
| 10 | ടെണ്ട**ർ** ഫോം സെയി**ൽ** രജിസ്റ്റ**ർ** പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-9 |
| 11 | പാ**ർ**ട്ട് ബി**ൽ** തുകക**ൾ** ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ ഉ**ൾ**പ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതിക**ൾ** | 1-7 |
| 18 | കാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | ഗ്രാമസഭ | 1-10 |
| 21 | ഇ-ടെണ്ടർ ഫീ ₹99,438 ലഭിച്ചിട്ടില്ല | 1-11 |
| 22 | തൊഴിൽ നികുതി - വ്യാപാര സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല | 1-12 |

| | | |
|---|---|---|
| 23 | നോൺ റസിഡൻഷ്യൽ കെട്ടിട വിഭാഗത്തിൽ വസ്തു നികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു | 1-13 |
| 24 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം | 1-14 |
| 25 | എഫ് ടി ഇ& ഒ എസ് ലൈസൻസ് - വ്യാപാരികളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കുന്നു | 1-15 |
| 26 | സ്മാർട്ട് ഐഫേസ് -1 പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല ₹177000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 27 | ഗ്രാമ പഞ്ചായത്തിന്റെ വെള്ളക്കരം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ച് അടവാക്കി ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 28 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ് നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-₹30000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 29 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നല്കിയ മുഴുവൻ തുകയ്ക്കുള്ള സാധനങ്ങൾ ലഭ്യമായിട്ടില്ല ₹ 12347യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 30 | മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - ₹94860 യുടെ ചെലവ് തടസപ്പെടുത്തുന്നു | 1-20 |
| 31 | റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ -ടി ഡി എസ് ഈടാക്കിയിട്ടില്ല | 1-21 |
| 32 | സ്വയം തൊഴിൽ പദ്ധതി നടത്തിപ്പ്-അപാകം | 1-22 |
| 33 | അങ്കണവാടി പോഷകാഹാര വിതരണം - ന്യൂട്രിമിക്സ് വാങ്ങിയ തുകയിൽ നിന്ന് ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-23 |
| 34 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല-₹107074 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-24 |
| 35 | ആർദ്രം അപ്ഗ്രഡേഷൻ (പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തൽ) - രേഖകൾ ഹാജരാക്കിയിട്ടില്ല ₹2300000 തടസ്സപ്പെടുത്തുന്നു. | 1-25 |
| 36 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -₹122438 തടസ്സപ്പെടുത്തുന്നു | 1-26 |
| 37 | ഗാലറി മെഡിസിൻ റാക്ക് വാങ്ങൽ -അപാകത ₹49914 തടസ്സപ്പെടുത്തുന്നു | 1-27 |
| 38 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല | 1-28 |
| 39 | നിഷ്ക്രിയമായ കുടിവെള്ളപദ്ധതികൾ | 1-29 |
| 40 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ യഥാസമയം ഓഡിറ്റിന് ലഭ്യമാക്കുന്നില്ല | 1-30 |
| 41 | ഡെപ്പോസിറ്റ് പ്രവൃത്തി വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല- ₹254470 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |

| | | |
|---|---|---|
| 42 | തനത് വരുമാനം- പൊതു അവലോകനം | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചൊക്ലി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 03.07.2023 ലെ 290/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 5.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
07.12.2023

## 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3783580 യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating Activities" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6268396 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(f)പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

3.തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

## 1-1-4 ലോൺ ബാധ്യത ഇല്ലാതിരുന്നിട്ടും വികസന ഫണ്ട് അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കുറവു വരുത്തിയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ലോൺ തുക ഒടുക്കാനില്ലാതിരുന്നിട്ടും വികസന ഫണ്ട് എസ് സി പി ഫണ്ടിൽ നിന്നും ₹69749 (പ്രോ.നം. 273/23, 274/23) ഉറവിടത്തിൽ നിന്നും കുറവുവരുത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരം ധനകാര്യപത്രികയിലെ B-15 ഷെഡ്യൂളിൽ കിട്ടാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടില്ല.

## 1-1-5 ബേങ്ക് അക്കൌണ്ടിൽ ഇല്ലാത്ത തുക ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തി

തെയ്യം കലാ അക്കാദമി ഫണ്ടിനത്തിൽ വിനിയോഗിക്കാൻ/തിരിച്ച് കിട്ടാൻ ബാക്കിയുള്ള 13017/- രൂപയുടെ വിവരം ബി-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബേങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പില്ലാത്ത ₹ 13017 ബി-4 ഷെഡ്യൂളിൽ 320300199 എന്ന ഹെഡിലും നീക്കിയിരിപ്പായി ഉൾപ്പെടുത്തിയത് ശരിയല്ല.

## 1-1-6 മുൻ വർഷങ്ങളിൽ ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

1.സാംഖ്യ സോഫ്റ്റ് വെയർ ആരംഭിക്കുമ്പോൾ മുന്നിരിപ്പായുള്ള തുക B4-ഷെഡ്യൂളിൽ 320100102 എന്ന ഹെഡിൽ ₹39700 ഉം എസ്.ജി.എസ്.വൈ (320100180)₹287232 ഉം ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. തുക ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതും ചെലവഴിക്കാത്ത പക്ഷം ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-1-7 ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

## 1-1-8 ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഗ്രോസ് സർപ്ലസ് /ഡെഫിസിറ്റ് ഓഫ് ഇൻകം ഓവർ എക്സ്പൻഡിച്ചർ കണക്കാക്കിയതിൽ വ്യത്യാസം

ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള മിച്ചം വന്ന തുക പഞ്ചായത്ത് ഫണ്ടിൽ (B-1 ) ക്രമീകരിച്ചതിൽ വ്യത്യാസം കാണുന്നു. 31-03-2022 ലെ B-1 ഷെഡ്യൂൾ പ്രകാരം Excess Of Income Over Expenditure ₹ 32749925.79 രൂപയാണ്. ഈ തുകയോട് തൻവർഷ Gross Surplus ₹-3796967 കൂട്ടിയാൽ കിട്ടുന്ന തുക ₹ 28952958.79 ആണ്. എന്നാൽ 31-03-2023ലെ Income & Expenditure ഷെഡ്യൂളിലെ Excess Of Income Over Expenditure ആയി ₹29099011 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. 146052 രൂപയുടെ വ്യത്യാസം വിശദമാക്കേണ്ടതാണ്.

## 1-1-9 ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

I-5 ഷെഡ്യൂൾ പ്രകാരം Sale Of Tender Forms ഇനത്തിൽ ₹75,835 വരവുണ്ട്. എന്നാൽ ഇതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-10 പാർട്ട് ബിൽ തുകകൾ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ ബി-11 (B) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് അംഗീകരിച്ച ഭരണ സമിതിതീരുമാനം നമ്പർ/തീയതി | തീരുമാനം നമ്പർ 01/68/2022 തീയതി 30/03/2022 | |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പർ , തീയതി | തീരുമാനം നമ്പർ 1/83/2023 തീയതി 07/03/2023 | |
| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
| മുന്നിരിപ്പ് | 4832294 | 12286703 |
| വരവ് | 256955370 | 241740529 |
| ആകെ | 261787664 | 254027232 |
| ചെലവ് | 256913470 | 248795407 |
| നീക്കിയിരിപ്പ് | 4874194 | 5231825 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 1,55,52,769 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,64,95,939 |
| ആകെ | 6,20,48,708 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,27,12,359 |
| നീക്കിയിരിപ്പ് | 1,93,36,349 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3223103 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്& അൺടൈഡ് (ട്രഷറി വരവുകൾ), സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത് വിഹിതം ഡെപ്പോസിറ്റ്, തൊഴിലുറപ്പ് പദ്ധതി, ക്ഷേമ പെൻഷൻ മുതലായവയുടെ വിവരം റസീറ്റ് &പെയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ മേൽ വരവും ചെലവും ഭാഗികമാണ്. ഒഴിവായിപോയ ഇനങ്ങൾ കൂടി ഉൾപ്പെടുത്തി റസീറ്റ് പേയ്മെന്റ് ഷെഡ്യൂൾ കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 27204000 | 27204000 | 25065530 | 2138470 |
| വികസന ഫണ്ട് - എസ് സി പി | 0 | 1253000 | 1253000 | 1253000 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 6779000 | 6779000 | 4351893 | 2427107 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 5206000 | 5206000 | 3517751 | 1688249 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ്-ബാങ്ക് - | 2608590 | 4497000 | 7105590 | 1635896 | 5469694 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ്-ട്രഷറി | 2119420 | - | 2119420 | 374148 | 1745272 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ് ബേങ്ക് | 185701 | 3159661 | 3345362 | 2410772 (48രൂപ ബേങ്ക് ചാർജ് ഉൾപ്പെടെ) | 934590 |
| ട്രഷറി | - | 211995 | 211995 | 104011 | 107984 |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 0 | 1439226 | 1439226 | 1308156 | 131070 |
| ടോട്ടൽ സാനിറ്റേഷൻ | 235978 | 0 | 235978 | 0 | 235978 |
| ശുചിത്വ മിഷൻ | 170000 | 0 | 170000 | 170000 | 0 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 269052 | 269052 | 233329 | 35723 |
| ഹെൽത്ത്ഗ്രാന്റ്-വെൽനസ് സെന്റേഴ്സ് | 0 | 137039 | 137039 | 135000 | 2039 |
| എസ്.ജി.എസ്.വൈ | 287232 | 0 | 287232 | 0 | 287232 |
| ജലനിധി | 10000 | 0 | 10000 | 0 | 10000 |
| എംജിഎൻആർഇജിഎസ് | 1,241 | 2,82,48,655 | 2,82,49,896 | 2,82,46,573 | 3,323 |
| ലൈഫ് മിഷൻ | 120000 | 0 | 120000 | 0 | 120000 |
| ഹെൽത്ത് മിഷൻ ഫണ്ട് | 0 | 450000 | 450000 | - | 450000 |
| 320100102 പോവർട്ടി അലിവിയേഷൻ യൂണിറ്റ്സ് ഓഫ് ഡിസ്ട്രിക്റ്റ് പഞ്ചായത്ത് | 39700 | 0 | 39700 | 0 | 39700 |
| നിർമ്മൽ പുരസ്കാർ | 40790 | 0 | 40790 | 0 | 40790 |
| കില ട്രൈയ്നിംഗ് | 11050 | 0 | 11050 | 0 | 11050 |
| വിമുക്തി | 23510 | 0 | 23510 | 9450 | 14060 |
| സാക്ഷരത | 12755 | 374 | 13129 | 0 | 13129 |
| ബഡ്സ് സ്കൂൾഗ്രാന്റ് | 465050 | 903600 | 1368650 | 879371 | 489279 |
| സ്വച്ച് ഭാരത് അഭിയാൻ | | 2,67,957 | 2,67,957 | 2,67,957 | 0 |
| മുൻസിപ്പൽ കോർപ്പറേഷൻ വിഹിതം | 800000 | 0 | 800000 | 0 | 800000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | അടങ്കൽ | പൂർത്തിയാ | ഭാഗികമായി | നടപ്പാക്കാ | ചെലവ് | പൂർത്തിയാക്കിയ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| (എണ്ണം) | (എണ്ണം) | | ക്കിയ പദ്ധതി കളുടെ എണ്ണം | നടപ്പാക്കി യത് (എണ്ണം) | ത്തവ | | പദ്ധതി കളുടെ % |
| 208 | 147 | 100605885 | 111 | 36 | 61 | 56264621 | 53.36 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 44 | 20946815 | 16752742 | 34 | 80 |
| കൃഷി ഓഫീസർ | 7 | 1397160 | 1282880 | 6 | 91.82 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 39975517 | 11196275 | 42 | 28.00 |
| വെറ്റിനറി സർജൻ | 3 | 227900 | 220556 | 3 | 96.77 |
| വി ഇ ഒ-ഒളവിലം | 14 | 5103740 | 2319725 | 12 | 45.45 |
| വി ഇ ഒ-നെട്ടൂമ്പ്രം | 10 | 12991246 | 5572904 | 8 | 42.89 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 243000 | 243000 | 1 | 100 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 58000 | 53400 | 3 | 92.06 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 16 | 9614400 | 8887404 | 15 | 92.43 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 15 | 6749733 | 6522531 | 14 | 96.63 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 300000 | 287930 | 3 | 95.97 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 2998374 | 2925274 | 6 | 97.56 |
| ആകെ | 207 | 100605885 | 56264621 | 147 | 52.17 |

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഫണ്ട് | ഇനം | മുന്നിരിപ്പ് | വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| എംജിഎൻആർഇജിഎസ് | ഭരണ ചെലവ് | 1241 | 813415 | 814656 | 811333 | 3323 |
| | തൊഴിലാളികളുടെ | 0 | 27435240 | 27435240 | 27435240 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | കൂലി, മെറ്റീരിയൽ ചെലവ് | | | | | |
| | ആകെ | 1,241 | 2,82,48,655 | 2,82,49,896 | 2,82,46,573 | 3,323 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1857200 | 113 |
| വിധവാ പെൻഷൻ | 14843000 | 1035 |
| വാർദ്ധക്യകാല പെന്‌ഷൻ | 32879600 | 2416 |
| ഭിന്നശേഷി പെൻഷൻ | 4716400 | 313 |
| 50വയസ്സ് കഴിഞ്ഞഅവിവാഹിതർക്കുള്ള പെൻഷൻ | 2583200 | 175 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-8 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-11-2023 തീയതിയിൽ 12.25 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 6,423 (ആറായിരത്തി നാനൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം.) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

എല്ലാ മാസവും ഓഫീസ് മീറ്റിംഗ് കൂടി ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. ഓഫീസ് ഉത്തരവുകളും യഥാസമയങ്ങളിൽ ഉത്തരവാക്കിയിട്ടുണ്ട്. ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാത്തത് യോഗത്തിൽ പരാമർശിച്ചിട്ടുണ്ട്. 2000 സ്ക്വയർഫീറ്റിൽ കൂടുതലുള്ള അനധികൃത കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി നികുതി പുന:നിർണ്ണയിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെങ്കിലും അനധികൃത നിർമ്മാണം കണ്ടെത്തുന്നതിനായി ഫീൽഡ് വർക്ക് നടത്തുന്നതിനും മറ്റുമുള്ള ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഒരേ മൂലധന നിക്ഷേപമുള്ള വ്യാപാര സ്ഥാപനങ്ങളിൽനിന്നും വ്യത്യസ്ത നിരക്കിൽ എഫ് ടി ഇ& ഒ എസ് ലൈസൻസ് ഫീസ് ഈടാക്കുന്നത് വ്യാപാരികളിൽ ഭിന്നിപ്പിന് ഇടയാക്കുന്നതിനാൽ ആയത് പുന:പരിശോധന വിധേയമാക്കേണ്ടതാണ്. നോൺ റസിഡൻഷ്യൽ കെട്ടിട വിഭാഗത്തിലുള്ള വസ്തു നികുതി കുടിശ്ശികയും പൂർണ്ണമായും ഈടാക്കിയിട്ടില്ല . ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്.

## 1-10 ഗ്രാമസഭ

2022-23 വർഷം 2 സ്പെഷ്യൽ ഗ്രാമസഭകൾ ഉൾപ്പെടെ 6 ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമ സഭകളിലെ ജന പ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്. യോഗം അവസാനിച്ചാൽ കോ ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും യോഗത്തിൽ പങ്കടുത്തിട്ടുള്ള ജന പ്രതിനിധികളും കൂടാതെ ഗ്രാമസഭ യോഗത്തിൽ പങ്കെടുത്തിട്ടുള്ള 10 പേരുടെയെങ്കിലും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ഗ്രാമസഭാ യോഗങ്ങളിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

## 1-11 ഇ-ടെണ്ടർ ഫീ ₹99,438 ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്)

318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം ലഭ്യമാക്കുന്നതിന് 7/ 22-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2016-17 ,2017-18 വർഷങ്ങളിലെ ഇ-ടെണ്ടർ ഫീ ₹99,438 ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ ബാക്കിയുണ്ടെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ഇ-ടെണ്ടർ ഫീ തുക ₹ | ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിച്ച തുക ₹ | തിരികെ ലഭിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|
| 1 | 2016-17 | 40,642 | ഇല്ല | 40,642 |
| 2 | 2017-18 | 58,796 | ഇല്ല | 58,796 |
| | ആകെ | 99,438 | | 99,438 |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാൻ ബാക്കിയുള്ള മുഴുവൻ തുകയും ലഭിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - വ്യാപാര സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല

2022-23 സാമ്പത്തിക വർഷത്തിൽ FTE&OS ലൈസൻസ് നേടിയ ചുവടെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും (ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ FTE & OS ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം/ കെട്ടിട നമ്പർ | ഉടമയുടെ പേര് | ലൈസൻസ് നമ്പർ (FTEOS ലൈസൻസ് രജിസ്റ്റർ പ്രകാരം ) | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | കിച്ചൻ ഫാമിലി റസ്റ്റോറന്റ് (4/425) | സജീർ ആകവളപ്പിൽ | 481/2022-23 | 12 |
| 2 | എൻ.കെ.ബി എക്സ്പോർട്ട്രേഴ്സ് (1/404-405) | കല്പക കുമാർ.കെ.എൻ | 166/2022-23 | 2 |
| 3 | ഗോൾഡൻഗ്രാനൈറ്റ്സ്& മാർബിൾസ് (3/386A) | മുഹമ്മദ് അനസ്.ടി .കെ | 273/2022-23 | 4 |
| 4 | പി എം സൂപ്പർമാർട്ട് (15/266-268) | സമീർ | 527/2022-23 | 3 |
| 5 | ഓൺലൈൻ അഡ്‌വെഞ്ചേഴ്സ് (11/541) | മുസമ്മിൽ.എൻ | 613/2022-23 | 15 |
| 6 | റാണാസ് വേൾഡ് (11/375A,375B) | ഫത്തേസിംഗ്.ജി.ജി | 562/2022-23 | 2 |
| 7 | മേക്കുന്ന് ബസാർ (8/227) | മുനീർ പി ബൈത്തുൽ നൂർ | 286/2022-23 | 2 |

| | | | | |
|---|---|---|---|---|
| 8 | സിഗ്മ ബ്രിക്സ് (7/417A) | സിദ്ധിഖ് യൂസഫ് | 82/2022-23 | 6 |
| 9 | അസ്കോ ദി ഗെയിംസ് അരീന | അസ്ഹർ.എൻ.ടി.കെ | 376/2022-23 | 2 |
| 10 | Z മാർട്ട് സൂപ്പർ മാർക്കറ്റ് | ബഷീർ | 217/2022-23 | 2 |
| 11 | ഫൈൻ പോറിയോ (477/2022-23) | ഇസ്മത്ത്.സി.പി | 477/2022-23 | 2 |
| 12 | ഗോൾഡൻ മാർക്കറ്റ് 9/519) | സീന.ബി | 595/2022-23 | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/23-11-2023)മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും ചട്ടത്തിൽ (1996 പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3) അനുശാസിക്കുന്ന വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ സ്ഥാപനങ്ങളുടെ മേൽ 1994 ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവ നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതും തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 നോൺ റസിഡൻഷ്യൽ കെട്ടിട വിഭാഗത്തിൽ വസ്തു നികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു

ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ തൻ വർഷ വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം നോൺ റസിഡൻഷ്യൽ കെട്ടിട വിഭാഗത്തിലെ തൻ വർഷ വസ്തു നികുതി കുടിശ്ശിക ₹1,40,789, മുൻ വർഷങ്ങളിലെ കുടിശ്ശിക ₹7,48,145 എന്നിങ്ങനെയാണ്. പ്രസ്തുത വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/23-11-2023) ഡിഷ് നെറ്റ് വയർലെസ് ലിമിറ്റഡ്(എയർസെൽ), ആർ ആർ ആർകെയ്ഡ്, കൊച്ചി എന്നവരുടെ ഉടമസ്ഥതയിലുള്ള 3/356 നമ്പർ മൊബൈൽ ടവർ, ഇല്ലിക്കുന്നുമ്മൽ കെ കെ ഷൈലജ എന്നവരുടെ ഉടമസ്ഥതയിലുള്ള 16/727 (1-81)കെട്ടിടം, 17/88A നമ്പർ വില്ലേജ് ഓഫിസ് കെട്ടിടം എന്നിവയിൽ നിന്നുമാണ് വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതെന്നും, 3/356 നമ്പർ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനായി തലശ്ശേരി ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടെന്നും, ഇല്ലിക്കുന്നുമ്മൽ കെ കെ ഷൈലജ എന്നവരുടെ ഉടമസ്ഥതയിലുള്ള 16/727 (1-81) കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 7-8-2023 തീയതിയിലെ 6223/23 നമ്പർ നടപടി ക്രമം പ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ₹4,21,552 കുടിശ്ശികയിനത്തിൽ (2023-24 സാമ്പത്തിക വർഷം) ഈടാക്കിയിട്ടുണ്ടെന്നും ബാക്കി വരുന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരികയാണെന്നും, 17/88A നമ്പർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നികുതി കുടിശ്ശിക ഈടാക്കുന്നതിന് കൃത്യമായ ഇടവേളകളിൽ അറിയിപ്പുകളും ഡിമാൻഡ് നോട്ടീസുകളും നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻ വേണ്ടി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറുമായി താരതമ്യ പരിശോധന

നടത്തിയപ്പോൾ കൂട്ടിച്ചേർത്ത ഭാഗത്തിന് നാളിതുവരെ നികതി നിർണ്ണയിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ/ തീയ്യതി | കെട്ടിടത്തിന്റെ നിലവിലെ വിസ്തീർണ്ണം (ച.മീ) (കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം) | കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം (ച.മീ) (കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം) | സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|---|---|
| 1 | 8/425 | രവീന്ദ്രൻ തങ്കേപുന ത്തിൽ, മേക്കുന്ന് | A2-BA(279516)/2018 14-11-2018 | 52.36 (താഴത്തെ നില) | 13.97 (താഴത്തെ നില) 57.40 (ഒന്നാമത്തെ നില) | 62.05 (താഴത്തെ നില) |
| 2 | 15/344 | കോവിലത്താം കണ്ടിയിൽ താമസിക്കും ടി. താഹിറ | A2-BA(5770)/2019, 31-12-2018 | 89.12 (താഴത്തെ നില ) | 81.82 (ഒന്നാമത്തെ നില) | 93 (താഴത്തെ നില) |
| 3 | 14/443A | കെ.അഷ്കർ& ഇ.പി.ഹസീന വണ്ണാൻറവിട ഹൗസ്, ചൊക്ലി | A2-BA(19295)/2019, 26-12-2018 | 112.97 (താഴത്തെ നില ) 8.74 (ഒന്നാമത്തെ നില) | 7.70 (താഴത്തെ നില ) 85.97 (ഒന്നാമത്തെ നില) 8.74 (സ്റ്റെയർകേസ് റൂം) | 143 (താഴത്തെ നില) |

മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ നിലവിലെ വസ്തു നികുതി നിർണയത്തിന് പരിഗണിച്ച തറ വിസ്തീർണ്ണം കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള നിലവിലെ തറ വിസ്തീർണ്ണം എന്നിവ തമ്മിലുള്ള അന്തരത്തിന് കാരണം, പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ഒക്യുപ്പൻസി അനുവദിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കാൻ നൽകിയ 4/21-11-2023 ഓഡിറ്റ് എൻക്വയറിക്ക് മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും ആയതിന്റെ കംപ്ലീഷൻ പ്ലാൻ ലഭ്യമാക്കുന്നതിനായി കെട്ടിട ഉടമകൾക്ക് അറിയിപ്പ്/കത്ത് നൽകിയതായും, നിലവിൽ സ ഉ (കൈ)നം.77/2023/LSGD തീയതി പ്രകാരം ഫീൽഡ് ജീവനക്കാരെ വിനിയോഗിച്ച് എല്ലാ കെട്ടിടങ്ങളുടെയും തറ വിസ്തീർണ്ണം ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും ശേഖരിച്ച് വരുന്നുണ്ടെന്നും ആയത് പ്രകാരം കെട്ടിടങ്ങളുടെ ലഭ്യമായ വിവരങ്ങൾ ഉപയോഗിച്ച് കൃത്യത ഉറപ്പ് വരുത്തി കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ/ഘടനപരമായ മാറ്റം വരുത്തലുകൾ എന്നിവ നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഭാഗങ്ങളുടെ തറ വിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തു നികുതി പുനർനിർണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയേറെയാണ്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ്തല പരിശോധന കൂടുതൽ കാര്യക്ഷമമായി നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് കൂട്ടിചേർക്കൽ വരുത്തിയതും ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്. പെർമിറ്റിനായുള്ള

അപേക്ഷകളിൽ നിലവിലുള്ള വിസ്തീർണ്ണം രേഖപ്പെടുത്തിയതും നികുതി ഈടാക്കുന്ന വിസ്തീർണ്ണവും പൊരുത്തപ്പെടാത്ത സംഗതികളും ഉണ്ട്. നിജസ്ഥിതി പരിശോധിച്ച് നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-15 എഫ് ടി ഇ& ഒ എസ് ലൈസൻസ് - വ്യാപാരികളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കുന്നു

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സേവന മേഖല/ഉൽപ്പാദന മേഖലയിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം 500, 1,000, 5,000, 10,000, 15,000) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നൽകുന്ന ഏതൊരു ലൈസൻസിനും II ആം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമ പഞ്ചായത്തിന് ചുമത്താവുന്നതാണ്.ചട്ട പ്രകാരം സേവനമേഖലയിലെ മൈക്രോ എന്റർപ്രൈസുകൾക്ക് (മൂലധനനിക്ഷേപം ₹1000000 വരെ) പരമാവധി ലൈസൻസ് ഫീസായി ₹500 ഈടാക്കാമെന്നിരിക്കെ പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ (മൂലധന നിക്ഷേപം രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങൾ) നിന്നും വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | സ്ഥാപനം/കെട്ടിട നമ്പർ | സ്ഥാപന ഉടമ | മൂലധന നിക്ഷേപം/ മേഖല | ലൈസൻസ് നമ്പർ/ ഈടാക്കിയ ലൈസൻസ് ഫീസ് (₹) |
|---|---|---|---|---|
| 1 | പെയിന്റ് കച്ചവടം (3/366) | പ്രകാശ് കുമാർ | 1,50,000 (സേവന മേഖല) | 43/2022-23 (200) |
| 2 | കമ്പ്യൂട്ടർ സർവീസ് &സെയിൽ (1/235) | ധനേഷ് കെ | 1,50,000 (സേവന മേഖല) | 551/2022-23 (500) |
| 3 | പ്രിന്റിങ് പ്രെസ്സ് 16/72K,A,M) | അമൽ ലാൽ.വി.സി | 3,00,000 (സേവന മേഖല) | 519/2022-23 (500) |
| 4 | കമ്പി ,സിമന്റ് ഇലക്ട്രിക്ക് സാധനങ്ങൾ, സാനിറ്ററി വേസ് റീറ്റെയ്ൽ വില്പന (2/107A) | എം രഞ്ജിത്ത് | 3,00,000 (സേവന മേഖല) | 579/2022-23 (1000) |
| 5 | ഫ്ലോർ മിൽ (6/291-B) | കെ അനന്തൻ | 5,00,000 (സേവന മേഖല) | 418/2022-23 (200) |
| 6 | സാനിറ്ററി വെയേഴ്സ്&പ്ലംബിംഗ് ഐറ്റംസ് വില്പന (3/390A) | ഷമീം അഹമ്മദ് | 5,00,000 (സേവന മേഖല) | 526/2022-23 (500) |

ഗ്രാമ പഞ്ചായത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന ഫീസ് നിരക്കുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും മേൽ പട്ടികയിൽ കൊടുത്തിട്ടുള്ള ഒരേ മൂലധന നിക്ഷേപമുള്ള വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വിശദമാക്കുവാനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(നം.3/21-11-2023) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും FTE&OS ചട്ടത്തിലെ പട്ടിക II പ്രകാരമുള്ള ഫീസുകളാണ് ഈടാക്കുന്നതെന്നും മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ കാലാകാലങ്ങളായി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നതാകയാൽ അവയിൽ നിന്നും മുൻ വർഷങ്ങളിൽ ഈടാക്കിയ ഫീസ് തുടർന്നും ഈടാക്കുകയാണ് ചെയ്യുതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് അപേക്ഷയിൽ ഒരേ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിൽ (മേൽ പട്ടികയിലെ ക്രമ നമ്പർ 1&2, 3&4, 5&6) നിന്നും വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത് FTE&OS ചട്ടങ്ങളുടെ ലംഘനമാണ്. ഗ്രാമ പഞ്ചായത്തിൽ നിലവിൽ FTE&OS ലൈസൻസ് ഫീ നിരക്കുകൾ ക്രമീകരിച്ച് കൊണ്ട് പ്രത്യേക തീരുമാനം ഒന്നും തന്നെ കൈക്കൊള്ളാത്തതിനാൽ മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്ത് പരിധിയിൽ കാലാകാലങ്ങളിലായി പ്രവർത്തിച്ച് വരുന്ന വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷ വിശദമായി പരിശോധിച്ച് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട് എന്നത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്. തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതിലേക്ക് ഗ്രാമ പഞ്ചയത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 സ്മാർട്ട് ഐഫേസ് -1 പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല ₹177000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിലെ പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ ചെലവിലേക്കായി ₹177000 ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 248/23 |
| പ്രൊജക്ടിന്റെ പേര് | സ്മാർട്ട് ഐഫേസ് -1 ഒന്നാം ഘട്ടം |
| അടങ്കൽ | ₹180000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹177000 |
| ബിൽ നം/തീയതി | 265/24.02.2023 |

പദ്ധതി പ്രകാരം ആദ്യ ഘട്ടത്തിൽ വിഹിതം കൈമാറിയ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ ഉൾപ്പെടെ 31 ഗ്രാമ പഞ്ചായത്തുകളുടെ പ്രവൃത്തി പൂർത്തീയായിവരുന്നതായി ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തിയാക്കി പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/22-11-2023) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 ഗ്രാമ പഞ്ചായത്തിന്റെ വെള്ളക്കരം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ച് അടവാക്കി ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 28/23, വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കൽ |
| അടങ്കൽ | ₹75000 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്) |
| ചെലവ് | ₹75000 |
| ബിൽ നം., തീയതി, തുക | 207/11.01.23, ₹3859 |

| | |
|---|---|
| | 210/13.01.23, ₹56982 |
| | 256/16.02.23, ₹9706 |
| | 343/23.03.23, ₹4453 |

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖ. 6.7 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കാവുന്ന പ്രോജക്ടുകളെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത ഇനമായ തെരുവ് ടാപ്പുകളുടെ കുടിവെള്ളക്കരം ₹75,000രൂപ ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്) ഉപയോഗിച്ചാണ് ഒടുക്കിയത്. സർക്കാർ നിർദ്ദേശം പാലിക്കാതെ ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ച് കുടിവെള്ളക്കരം ഒടുക്കിയതിന് കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (22/24.11.23) മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-18 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ് നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-₹30000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നം.22200670 തീയതി 30-11-2022 ₹30000

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ്, ₹10000 ഐ.ടി കം ടെക്നിക്കൽ എക്സ്പർട്ട് വേതനം ₹20000 എന്നീയിനങ്ങളിലായി 2022-23 വർഷത്തിലെ വിഹിതമായ 30,000 രൂപ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് -1 ന് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (27/27.11.2023) മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ വിവരം ലഭ്യമാകാത്തതിനാൽ ₹30000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-19 ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നല്കിയ മുഴുവൻ തുകയ്ക്കുള്ള സാധനങ്ങൾ ലഭ്യമായിട്ടില്ല ₹ 12347യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നം. 22200512/25.08.22 ₹91089

2022-23 വർഷം ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കാവശ്യമായ ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ വാങ്ങുന്നതിനായി മേൽ വൗച്ചർ പ്രകാരം 91089 രൂപ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നല്കിയിട്ടുണ്ട്. ഇതു പ്രകാരം ലഭ്യമായ സാധനങ്ങളുടെ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കാത്തതിനാൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം 20/24.11.23) മറുപടി പ്രകാരം 78742 രൂപയുടെ സാധനങ്ങൾ ലഭിച്ചതിന്റെ ഇൻവോയിസ് (നം.1419/222-23/17.09.22) ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. മേൽ പ്രകാരം ലഭിച്ച സാധനങ്ങൾ സ്റ്റോക്കിൽ എടുക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. 91089 രൂപയിൽ 12347 രൂപയുടെ സാധനങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ തുകയ്ക്കുള്ള സാധനങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-20 മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - ₹94860 യുടെ ചെലവ് തടസപ്പെടുത്തുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
|---|---|
| പ്രൊജക്ടിന്റെ നമ്പർ / പേര് | 92/23 (മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ) |
| അടങ്കൽ | ₹95000 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹94860 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ബിൽ നമ്പർ | 133/22-11-2022 (എ സി ആർ പ്രകാരം) |

മേൽ പദ്ധതി പ്രകാരം ആകെ ₹94860 യുടെ മരുന്നുകൾ (ടാക്സ് ഇൻ വോയിസ് നമ്പർ :10235/9-11-2022) നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങുകയും ആയത് സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട് . സ.ഉ(കൈ)നമ്പർ 115/2022

/ത.സ്വ.ഭ.വ തീയ്യതി 28.05.2022 (പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ) ഖണ്ഡിക 6.3 കുറിപ്പ് 32 പ്രകാരം വെറ്റിനറി ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്നും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം വഴി നീതി/മാവേലി/സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങി നൽകാവുന്നതാണ്.പ്രസ്തുത പദ്ധതി പ്രകാരം വാങ്ങിച്ചിട്ടുള്ള മരുന്നുകളുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/22-11-2023) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന് വേണ്ടി മൊബൈൽ വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ രേഖയ്ക്ക് വിരുദ്ധമായി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നുകൾ വാങ്ങിച്ചതിന്റെ ചെലവ് ( ₹94860-യുടെ) ഓഡിറ്റിൽ തടസപ്പെടുത്തുന്നു. പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ -ടി ഡി എസ് ഈടാക്കിയിട്ടില്ല

| | |
|---|---|
| ഉദ്യോഗസ്ഥൻ | വി.ഇ.ഒ, ഒളവിലം സർക്കിൾ |
| പ്രോജക്ട് നം. & പേര് | 27/23, റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ |
| അടങ്കൽ | ₹1892700(കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്)<br>675 (തനത് ഫണ്ട്)<br>210375(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹ 500000 |
| ബിൽ നം., തീയതി, തുക | 277/28.02.23 |

ഗ്രാമ പഞ്ചായത്തിൽ സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനായി 561 യൂണിറ്റ് റിംഗ് കമ്പോസ്റ്റുകൾ വീടുകളിൽ സ്ഥാപിക്കുന്നതിന് രൂപീകരിച്ച പ്രോജക്ട് ആണിത്.
പ്രോജക്ടുമായി ബന്ധപ്പെട്ട് ശുദ്ധി വെയിസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന് മേൽ പ്രകാരം ₹ 500000 അനുവദിച്ചിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചതുമായി ബന്ധപ്പെട്ട ഇൻവോയിസ്, റിംഗ് കമ്പോസ്റ്റുകളുടെ വിതരണ വിവരം, റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന്റ സാക്ഷ്യ ്പത്രം, എന്നിവ ഫയലിനൊപ്പം ലഭ്യമാക്കാത്തതിനാലും, TDS ബില്ലിൽ നിന്നും കുറവ് വരുത്താത്തതുമായിമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (28/27.11.23) മറുപടി പ്രകാരം പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട ശേഷം റിംഗ് ഇറക്കുവാൻ ആരംഭിച്ചിരുന്നുവെന്നും മൊത്തം തുകയുടെ ആദ്യഗഡു എന്ന നിലയിലാണ് ₹ 500000 അഡ്വാൻസ് തുക സ്ഥാപനത്തിന് നൽകിയത് എന്ന് അറിയിക്കുകയും, റിംഗ് കമ്പോസ്റ്റിന്റെ വിതരണ വിവരം കമ്പോസ്റ്റുകൾ സ്ഥാപിച്ചതിന്റെ വിവരവും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2% TDS ₹10000 അവസാന ബില്ലിനൊപ്പം ഈടാക്കി ഒടുക്കുന്നതാണെന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 സ്വയം തൊഴിൽ പദ്ധതി നടത്തിപ്പ്-അപാകം

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, ഒളവിലം സർക്കിൾ | |
| പ്രോജക്ട് നം. & പേര് | 242/23,സ്വയം തൊഴിൽ സംരഭം ജനറൽ | 70/23 വനിത സ്വയം തൊഴിൽ പദ്ധതി (വ്യക്തിഗതം) |
| അടങ്കൽ | ₹500000 (വികസന ഫണ്ട് പൊതു വിഭാഗം)<br>₹250000 ഗുണഭോക്തൃ | ₹550000(വികസന ഫണ്ട് പൊതു വിഭാഗം) ₹550000 ഗുണഭോക്തൃ |

| | | |
|---|---|---|
| | വിഹിതം<br>₹750000(ആകെ) | വിഹിതം<br>₹1100000(ആകെ) |
| ചെലവ് | ₹ 5,00,000 | ₹ 5,50,000 |
| ബിൽ നം., തീയതി, തുക | 314/15.03.23 ₹100000<br>3333/16.03.2 ₹50000<br>315/15.03.23 ₹180000<br>420/28.03.23₹170000 | 145/2.12.22 ₹300000<br>178/28.12.22 ₹ 100000<br>312/15.03.23 ₹150000 |

സ്വയം തൊഴിൽ സംരഭം ജനറൽ എന്ന പദ്ധതി പ്രകാരം 12 പേർക്കും വനിത സ്വയം തൊഴിൽ പദ്ധതി പ്രകാരം 11 പേർക്കും സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇതിൽ 10 പേർക്കാണ് ബാങ്ക് വായ്പ അനുവദിച്ചിട്ടുള്ളത് (സ്വയം തൊഴിൽ സംരഭം ജനറൽ വിഭാഗത്തിൽ 2 പേർക്കും വനിത സ്വയം തൊഴിൽ പദ്ധതിയിൽ 8 പേർക്കും) ഇവർക്കുള്ള സബ്സിഡി ബാക്ക് എന്റ് സംവിധാനം മുഖേനയാണ് അനുവദിച്ചിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം/പേര് | ഗുണഭോക്താക്കളുടെ പേര് | അനുവദിച്ച തുക |
|---|---|---|
| സ്വയം തൊഴിൽ സംരഭം ജനറൽ വിഭാഗം-242/23 | ജറീഷ് ഉുവന്റെവിട | 50000 |
| | മുഹമ്മദലി | 50000 |
| വനിത സ്വയം തൊഴിൽ പദ്ധതി-70/23 | ബീന കൊല്ലറോത്ത് | 50000 |
| | ജിഷ പ്രദീപ് | 50000 |
| | രജില താഴെപുത്തൻപുരയിൽ | 50000 |
| | സുനിത പാത്തിയിൽ | 50000 |
| | സുജാത കൊളങ്ങര | 50000 |
| | സിന്ധു കളത്തിൽ | 50000 |
| | ജിഷ സി | 50000 |
| | അശ്വതി രയരോത്ത് | 50000 |

1) 14 ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ(സ.ഉ(കൈ)115/2022/LSGD തീയതി 28.05.22-ലെ 6.5.2 സംരംഭം വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടുകളിലായി 10 ഗുണഭോക്താക്കൾക്ക് ബാക്ക് എന്റ് ആയി ചൊക്ലി സർവ്വീസ് സഹകരണ ബാങ്കിന്റെ 323701000717 എന്ന അക്കൗണ്ട് നമ്പറിലേക്കാണ് തുക അനുവദിച്ചത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ബാക്ക് എന്റ് ആയാണ് വായ്പ അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് വായ്പാബന്ധിത സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 അങ്കണവാടി പോഷകാഹാര വിതരണം - ന്യൂട്രിമിക്സ് വാങ്ങിയ തുകയിൽ നിന്ന് ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നം/ പേര് | S0011/22<br>അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | 31,00,000<br>(വികസന ഫണ്ട് പൊതു വിഭാഗം |

| | |
|---|---|
| | സാധാരണ വിഹിതം)<br>15,00,000<br>(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ആകെ-46,00,000 |
| ചെലവ് തുക | 31,00,000<br>(വികസന ഫണ്ട് പൊതു വിഭാഗം<br>സാധാരണ വിഹിതം)<br>13,08,156<br>(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ആകെ- 44,08,156 |

ചൊക്ലി ഗ്രാമ പഞ്ചായത്തിലെ 27 അങ്കണവാടികളിലെ ഗുണഭോക്താക്കളായ 0-3 വയസ്സ് വരെയുള്ള കുട്ടികൾ, 3-6 വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പദ്ധതി. ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്കായി മധുരം ന്യൂട്രി മിക്സ് യൂണിറ്റ്, ചൊക്ലി എന്ന സ്ഥാപനത്തിൽ നിന്നും അനുപൂരക പോഷകാഹാരം വാങ്ങിയ വകയിൽ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബില്ല് നം /വൗച്ചർ നം / തീയതി | ന്യൂട്രിമിക്സിന്റെ വില (Including 5%GST) (₹) |
|---|---|---|
| 1 | 22220352009500150309/ 30-05-2022 | 3,00,000 |
| 2 | 22220352009500888029/ 9-12-2022 | 3,65,637 |
| 3 | 22220352009501097955/ 27-01-2023 | 1,63,009 |
| 4 | 22201021/ 16-03-2023 | 23,459 |
| 5 | 22201060/ 25-03-2023 | 1,21,550 |
| ആകെ | | 9,73,655 |

മേൽ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/27-11-23) വരും സാമ്പത്തിക വർഷം മുതൽ ജി.എസ്.ടി., ടി,ഡി,എസ് ഈടാക്കിക്കൊണ്ട് തുക ചെലവഴിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഒരു പദ്ധതിയുടെ ആവശ്യത്തിലേക്കായി വാങ്ങിക്കുന്ന മുഴുവൻ ന്യൂട്രിമിക്സിന്റെയും ബിൽ തുക ഒന്നായി കണക്കാക്കേണ്ടതാണ്. കൂടാതെ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 8.3.19 ലെ സർക്കുലർ നം. ഡി.എ 1/87/2019 ത.സ്വ.ഭ.വ പ്രകാരം നിയമാനുസൃതമായി ഈടാക്കേണ്ടിയിരുന്ന ടി.ഡി.എസ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് ഒടുക്കാതെ, തുക

പൂർണ്ണമായും സപ്ലെയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ അങ്കണവാടികളിലേക്ക് അനുപൂരക പോഷകാഹാരം വിതരണം നടത്തിയ മധുരം ന്യൂട്രി മിക്സ് യൂണിറ്റ്, ചൊക്ലി എന്ന സ്ഥാപനം ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്തതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല-₹107074 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| പ്രോജക്ട് നമ്പർ / പേര് | 8/23 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹6,15,100 മെയിന്റനൻസ് ഫണ്ട് റോഡിതരം<br>₹84,900 വികസന ഫണ്ട്,പൊതു വിഭാഗം<br>₹7,00,000 |
| ചെലവ് | ₹6,15,080<br>₹84,894<br>₹6,99,974 |

മുകളിൽ കൊടുത്ത ചെലവ് തുകയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയ ബിൽ നമ്പർ 107/19-10-2022 പ്രകാരം പിൻവലിച്ച ₹83921 ൽ (PRF.991/11-08-2022) ₹5645-ടെ മരുന്നുകളും ബിൽ നമ്പർ 117/27-10-2022 പ്രകാരം പിൻവലിച്ച ₹350000ൽ (PRF.1606/11-10-2022) ₹101429ടെ മരുന്നുകളും ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ₹107074 (₹5645+₹101429) ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/27-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതനാൽ ₹107074 തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്ററും ഇൻവോയ്സും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ആർദ്രം അപ്ഗ്രഡേഷൻ (പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തൽ) - രേഖകൾ ഹാജരാക്കിയിട്ടില്ല ₹2300000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നം. & പേര് | 130/23<br>ആർദ്രം അപ്ഗ്രഡേഷൻ (പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തൽ) |
| അടങ്കൽ | ₹1300000 വികസന ഫണ്ട്,പൊതുവിഭാഗം<br>₹1000000 മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്<br>--------------<br>₹2300000 |
| ചെലവ്<br><br><br><br><br>ആകെ ചെലവ് | ₹347134 -283/06-03-2023മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്<br>₹645000 - 324/16-03-2023മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്<br>₹7866 - 357/23-03-2023മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്<br>₹168870 - 672/28-03-2023വികസന |

| | |
|---|---|
| | ഫണ്ട്,പൊതുവിഭാഗം<br>₹850000 - 682/30-03-2023വികസന ഫണ്ട്,പൊതുവിഭാഗം<br>₹281130 - 683/30-03-2023വികസന ഫണ്ട്,പൊതുവിഭാഗം<br>-----------------------<br>₹2300000 |

ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ ഫർണിച്ചർ, ഉപകരണങ്ങൾ വാങ്ങൽ, മറ്റ് പ്രവർത്തനങ്ങൾ എന്നിവയാണ് മേൽ പ്രൊജക്റ്റിന്റെ ലക്ഷ്യം. ഇതിനായി പി.എച്ച്.സി പഴയ കെട്ടിടത്തിലെ ഇലക്ട്രിഫിക്കേഷൻ, എയർ കണ്ടീഷനിംഗ്, മിനി കോൺഫറൻസ് ഹാളിലെ ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികൾക്കായി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റ് (PWD/BLDG/EST/4787/2022/01-02-2023) പ്രകാരം ₹6,45,000 എക്സിക്യൂട്ടീവ് എഞ്ചിനിയർ ഇലക്ട്രിക്കൽ ഡിവിഷൻ കണ്ണൂരിനും, ക്വട്ടേഷൻ പ്രകാരം ₹16,55,000 ആർട്ക്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകുന്നതിനുമാണ് മേൽ തുക ചെലവഴിച്ചത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1.മേൽ പറഞ്ഞ സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്.

2.തുക നൽകിയ സ്ഥാപനങ്ങളുമായുള്ള കരാർ/ എഗ്രിമെന്റ്.

3. പൊതുമരാമത്ത് വകുപ്പുമായുള്ള കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി .

4.പ്രവൃത്തി പൂർത്തി ആയിട്ടുണ്ടെങ്കിൽ ആയതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്.

5.ആർട്ട്കോയിൽ നിന്ന് വാങ്ങിയ ഫർണിച്ചറുകളുടെ ₹1694103 ഒറിജിനൽ ക്യാഷ് ബില്ല് ഫയലിലുണ്ട്. ₹ 39103 ടെ ക്യാഷ് ബില്ല് ഫയലിലില്ല.
6.ക്വട്ടേഷൻ പ്രകാരമുള്ള ഫർണിച്ചറുകൾ സ്ഥാപിച്ചതിന്റെ കൃത്യത ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മൂല്യനിർണയം നടത്തിയതിന്റെ രേഖ, സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖ എന്നിവ ഹാജരാക്കിയിട്ടില്ല.
7.പ്രോജക്റ്റ് മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

മുകളിൽ കൊടുത്ത രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/27-11-2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹2300000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -₹122438 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്റ്റ് നമ്പർ / പേര് | 163/23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200,000 – മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹200,000 - ബിൽ നമ്പർ / തീയതി : 174/22-12-2022 |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി എന്ന മേൽ പ്രോജക്റ്റ് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് ₹2,00,000 നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയിസ് നമ്പർ LF/666 /25-07-2023 പ്രകാരം ₹77562 യുടെ മരുന്ന് ലഭിച്ചതിന്റെ വിവരം മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ₹122438 യുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/21-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹122438 തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 ഗാലറി മെഡിസിൻ റാക്ക് വാങ്ങൽ -അപാകത ₹49914 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്റ്റ് നമ്പർ / പേര് | 153/23 ഗാലറി മെഡിസിൻ റാക്ക് വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹50,000 – മെയിന്റനൻസ് ഫണ്ട് റോഡിതരം |

| | |
|---|---|
| ചെലവ് | ₹49914 - ബിൽ നമ്പർ / തീയതി : 83/15-09-2022 |

ഹോമിയോ ആശുപത്രിക്ക് ഗാലറി മെഡിസിൻ റാക്ക് വാങ്ങുക എന്ന പ്രൊജക്റ്റിനായി 03-01-22 തീയതിയിൽ ക്വട്ടേഷൻ (നം.01/2022 /ജി.എച്ച്.ഡി.സി) ക്ഷണിച്ചിരുന്നു. ക്വട്ടേഷൻ നോട്ടിസ് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ ക്വട്ടേഷനിൽ പങ്കെടുത്തിട്ടുണ്ട്.

| സ്ഥാപനം | ക്വാട്ട് ചെയ്ത തുക ₹ |
|---|---|
| നാസ് ഇൻഡസ്ട്രീസ്, തലശ്ശേരി | 48000 |
| ലിയോ ഇൻഡസ്ട്രീസ്,തലശ്ശേരി | 42480 |
| ഹൈടെക്ക് പവർ കോട്ടിംഗ് | 56000 |

മുകളിൽ കൊടുത്ത ക്വട്ടേഷനിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ലിയോ ഇൻഡസ്ട്രീസ്, തലശ്ശേരി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 07-02-2022 തീയതിയിലെ 30/21(4) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ സിഡ്കോയിൽ നിന്ന് സ്റ്റീൽ മെഡിസിൻ റാക്ക് (3 എണ്ണം ) വാങ്ങിയ ഇൻവോയ്സാണുള്ളത് (ഇൻവോയ്സ് നം.KNR/22-23/52/24-08-2022). സ്റ്റീൽ മെഡിക്കൽ റാക്കുകൾ സ്റ്റോക്കിലെടുത്ത് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സിഡ്കോയിൽ നിന്ന് റാക്കുകൾ വാങ്ങിയതിന് സാധൂകരണം ആവശ്യപ്പെട്ട് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നുവെങ്കിലും സാധൂകരണം നൽകിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഭരണസമിതി അംഗീകരിച്ച സ്ഥാപനത്തിൽ നിന്നും സാധനം വാങ്ങാത്തതിന് വ്യക്തത വരുത്തുവാനും സ്റ്റീൽ മെഡിസിൻ റാക്കുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. നം.6/21-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹49914 തടസ്സപ്പെടുത്തുന്നു. വ്യക്തത വരുത്തിക്കൊണ്ടുള്ള വിശദീകരണവും ആവശ്യമായ സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ മുൻകൂർ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ എന്നയിനത്തിൽ മുൻ വർഷങ്ങളിലായി അനുവദിച്ച ₹360510 ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത മുൻകൂർ ഏത് വർഷത്തിൽ, ഏത് ആവശ്യത്തിന് അനുവദിച്ചതാണെന്നും, നാളിതുവരെയായി ക്രമീകരിക്കാത്തതിന് കാരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/25-11-2023) ക്രമീകരിക്കാൻ അവശേഷിക്കുന്ന ₹360510 രൂപ 2017-18 വർഷത്തെ മുന്നിരിപ്പാണെന്നും ആയത് പരിശോധിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 99, ജി.ഒ (പി) നം.419/2011/ഫിൻ തീയതി 04-10-2011 പ്രകാരം മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലെങ്കിൽ തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്നത് വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ക്രമീകരിക്കാൻ ബാക്കിയുള്ള ₹360510 യുടെ ചെലവ് വിവരങ്ങൾ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കി തുക ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 നിഷ്ക്രിയമായ കുടിവെള്ളപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് പരിധിയിലെ 18 കുടിവെള്ള പദ്ധതികളിൽ 2 എണ്ണം നിഷ്ക്രിയമായിട്ടുണ്ട്. 40 വീടുകൾക്കായുള്ള 5,000ലിറ്റർ കപ്പാസിറ്റിയുള്ള നിട്ടൂമ്പ്രത്ത് കണ്ടി മിനി വാട്ടർ സപ്ലൈ സ്കീം & ചൊക്ലി ടൗണിലെ ചൊക്ലി റൂറൽ വാട്ടർ സപ്ലൈ സ്കീം ഈ പദ്ധതികൾ കുറേക്കാലം തുടർന്നതായും, ഭൂഗർഭ ജലവിതാനം താണതിനാൽ വെള്ളം ലഭ്യമാകാത്തതിനാൽ നിലവിൽ പ്രവർത്തനക്ഷമമല്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി (9/ 22.11.2023 ) നൽകിയത്. പദ്ധതിയുടെ പുനരുപയോഗ സാധ്യതകൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-30 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ യഥാസമയം ഓഡിറ്റിന് ലഭ്യമാക്കുന്നില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ

പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്ന് കണ്ടാൽ അതിനിടക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തിക വർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. ചൊക്ലി ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ 2015-2016 മുതലുള്ള വാർഷികവരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകൾ ഹാജരാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 32/27-11-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം.3/05/ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## 1-31 ഡെപ്പോസിറ്റ് പ്രവൃത്തി വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല- ₹254470 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ | 235/23 |
| പ്രൊജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ- |
| അടങ്കൽ | ₹ 1279750(വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് , ബിൽ നമ്പർ /തീയതി | ₹254470 22220352009101365049/15.03.23 |

ചൊക്ലി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതിനായുള്ള മേൽ പ്രോജകട് പ്രകാരം ₹1272347 യുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 20% തുകയായ ₹254470 യാണ് തൻവർഷം കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ ചൊക്ലിയിൽ അടവാക്കിയിട്ടുള്ളത്. ബാക്കിതുക 2023-24 കാലയളവിലാണ് അടവാക്കിയിട്ടുള്ളത്. മേൽ പ്രകാരം നൽകിയ തുകയ്ക്കുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (16/23.11.23) മറുപടിയിൽ പദ്ധതി പൂർത്തിയായിട്ടില്ല എന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹254470 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തികരിക്കുന്നത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09.3.2022, 10.07.2022 തീയതികളിലെ സർക്കുലർ നമ്പർ യഥാക്രമം ഡിഎ, 64/22, 179/22 എന്നിവയിലെ നിർദ്ദേശങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

## 1-32 തനത് വരുമാനം- പൊതു അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. ചൊക്ലി ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് താഴെ കൊടുക്കുന്നു.

01-04-2022 മുതൽ 31-03-2023 വരെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 18 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും, പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും പരിശോധിച്ച് ഉറപ്പാക്കിയതായും കാണുന്നില്ല. കൂടാതെ ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പരിശോധിക്കപ്പെട്ടിട്ടില്ല. തനത്

വരുമാനം വർധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകൾ യോഗങ്ങളിൽ സജീവമാക്കേണ്ടതും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധ പുലർത്താവുന്നതുമാണ്. നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, നികുതിയേതര ഇനങ്ങളായ FTE&OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ് എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ.

I)വസ്തുനികുതി – 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറ വിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 ഏപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തികവർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 22-03-2023 തീയതിയിലെ സ.ഉ(കൈ) നമ്പർ 77/2023/ത.സ്വ.ഭ.വ യിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ(അച്ചടി) 25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചൊക്ലി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 14.07.2023 തീയതിയിലെ 292(1)/23,295(1)/23 നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പുതിയ നിരക്കിലാണ് വസ്തു നികുതി ഈടാക്കുന്നത്.

II)തൊഴിൽ നികുതി.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുവിതരണ കേന്ദ്രത്തിലെ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാ ബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

III. ബിൽഡിംഗ് പെർമിറ്റ്/റെഗുലറൈസേഷൻ ഫീസ്

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരികയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 514 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ (ഫീൽഡ് പരിശോധന) ഊർജ്ജിതമാക്കി ബിൽഡിംഗ് പെർമിറ്റ് ഫീസ്,

റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ശോഷണം തടയാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

IV)FTE&OS ലൈസൻസ്

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. (ഒട്ടു മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല) ലൈസൻസ് അപേക്ഷയിൽ ഒരേ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത് ആയത് 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ ലംഘനമാണ്. സംരംഭകരിൽ നിന്നും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട് എന്നത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

5. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

6. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

7. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

8.FTE&OS ലൈസൻസ് ഫീസ് ചട്ട പ്രകാരമുള്ള പരമാവധി നിരക്കിൽ ഈടാക്കുന്നത് പരിഗണിക്കാവുന്നതാണ്

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ത.സ്വ.ഭ.വ തീയതി 19/04/2022 യിലെ ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 20.11.2023, 21.11.2023 | കെ.എസ്.എ./കെ.എൻ.ആർ./സി.9/1806 /2023 തീയതി: 07.12.2023 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 100000 | സാന്ത്വന പരിചരണം-9/23 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 245000 | ഭിന്നശേഷി സ്കോളർഷിപ്പ്-29/23 | 245000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 535592 | ബഡ്സ് സ്കൂൾ ഒന്നാം നില നിർമാണം-സ്ഥലമെടുക്കൽ-38/23 | 535592 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 100000 | ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടികജാതി-158/23 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 18000 | പാലിന് സബ്സിഡി-164/23 | 18000 | 0 |

| | | | | |
|---|---|---|---|---|
| വിഹിതം | | | | |
| ആകെ | 9,98,592 | | 9,98,592 | 0 |
| പാന്നൂർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100000 | സാന്ത്വന പരിചരണം-9/23 | 100000 | 0 |
| പാന്നൂർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 300000 | ഭിന്നശേഷി സ്കോളർഷിപ്പ്-29/23 | 300000 | 0 |
| പാന്നൂർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1341318 മുന്നിരിപ്പ് + 840000 തൻവർഷ വരവ് | ലൈഫ് ഭവന പദ്ധതി ഭവന സമുച്ചായം നിർമ്മാണം സ്ഥലമെടുക്കൽ-31/23 | 1901223 | 280095 |
| പാന്നൂർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 40000 | ലൈഫ് ഭവന പദ്ധതി (SC/ST /ഫിഷറീസ്)-146/23 | 40000 | 0 |
| പാന്നൂർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 102653 | ലൈഫ് മിഷൻ-പദ്ധതി പൊതുവിഭാഗം-147/23 | 102653 | 0 |
| പാന്നൂർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 380584 മുന്നിരിപ്പ് | ലൈഫ് മിഷൻ - പദ്ധതി പൊതുവിഭാഗം-157/23 | 74200 | 306384 |
| പാന്നൂർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100000 | സബ്സിഡി-164/23 | 100000 | 0 |
| പാന്നൂർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 43,761 | പാലിന് ബഡ്സ് സ്കൂൾകുട്ടികൾക്ക് തൊഴിൽ പരിശീലനം -77/23 | 43,761 | 0 |
| ആകെ | 3248316 മുന്നിരിപ്പ് ഉൾപ്പെടെ | | 26,61,837 | 586479 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് &നം | വൗച്ചർ നം/തീയതി | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസി.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ-145/23 | 41510002 31-03-23 | 949439 | 949439 | 0 |
| | മേക്കരവീട്ടിൽ താഴെ | 41510003 31-03-23 | 14797 | 14797 | 0 |

| | | | | | |
|---|---|---|---|---|---|
| | പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ- 199/23 | | | | |
| | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ മേക്കുന്ന് പ്രദേശം- 234/23 | 41510002/31-03-23 | 9912 | 9912 | 0 |
| | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ- 235/23 | 41510002/31-03-23 | 254470 | 254470 | 0 |
| | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ്- 244/23 | 42200872/23-02-23 | 56286 | 56286 | 0 |
| ഭൂഗർഭ ജല അതോറിറ്റി | കുഴൽക്കിണർ റിപ്പയറിംഗ്- 243/23 | 42200909/02-03-23 | 24000 | 24000 | 0 |

* ഒഴികെ ബാക്കി എല്ലാ തുകയുടേയും വിനിയോഗ സാക്ഷ്യപത്രം 2023-24 ൽ ഹാജരാക്കിയട്ടുണ്ട്

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,73,990 |
| തൻ വർഷം നിക്ഷേപിച്ച തുക | 70,874 |
| ആകെ | 11,44,864 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 11,44,864 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്(ബാങ്ക് /ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയ്യതി/പലിശ കാലാവധി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ചൊക്ലി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 22/12/2022 6.75% (1 വർഷം) | 11,20,864 | 21.12.2023 കാലാവധി തീയതി |
| 2 | മലബാർ ടൂറിസം | 118/4429 | 20,000 | |

| | | | | |
|---|---|---|---|---|
| | ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 28/04/2015 | | |
| 3 | കണ്ണൂർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പ്പിറ്റൽ ലിമിറ്റഡ് | വൗച്ചർ നമ്പർ 557 28/04/2015 | 4,000 | |
| | ആകെ | | 11,44,864 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹ 54588 വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രശിതി നമ്പർ&തിയ്യതി |
|---|---|---|---|---|
| 2019-20 | 1-17(1) | 13,207 | ശ്രീ.സി.ടി.സുരേഷ് ബാബു(കരാറുകാരൻ) | 1220101719 13/8/2022 |
| 1997-98 | 37(2) | 3,583 | കൃഷി ഓഫീസർ | 1220102058/12.9.22 |
| 2007-08 | 3(12) | 554 | വി.എ .സലീന | 1220102119/15.9.22 |
| 2007-08 | 3-12(2) | 171 | കെ.കരുണാകരൻ | 1220102120/15.9.22 |
| 2008-09 | 3-10 | 4,400 | പത്മാവതി | 1220102515/15.9.22 |
| 2018-19 | 1-18 | 32,673 | കേരള സ്റ്റേറ്റ് ഐ ടി മിഷൻ | 1220000202/3.11.22 |
| | ആകെ | 54588 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 15 | 2003-04 | പേജ് ക്രമ നം 132 | പദ്ധതി നിർവ്വഹണ ചെലവ് പരിധി കഴിഞ്ഞ് ചെലവഴിച്ചു. | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-1 | 2016-17 | ഖ- 1 | വസ്തു നികുതി | നിലനിൽക്കുന്നു |
| 2015-16 | 2-4,2-5 | 2016-17 | ഖ- 2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,64,95,939 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,27,12,359 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32,23,103 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,77,000 | ശ്രീമതി.ഷീജാമണി.കെ(സെക്രട്ടറി ) |
| 1-17 | 75,000 | ശ്രീമതി.ഷീജാമണി.കെ(സെക്രട്ടറി ) |
| 1-18 | 30,000 | ശ്രീമതി.ഷീജാമണി.കെ(സെക്രട്ടറി ) |
| 1-19 | 12,347 | ശ്രീമതി.ഷീജാമണി.കെ(സെക്രട്ടറി ) |
| 1-20 | 94,860 | ഡോ.കെ.ചന്ദ്രശേഖരൻ(വെറ്റിനറി സർജൻ) |
| 1-24 | 107074 | ഡോ.അമൃതകല(മെഡിക്കൽ ഓഫീസർ -പി എച്ച് സി ) |
| 1-25 | 23,00,000 | ഡോ.അമൃതകല(മെഡിക്കൽ ഓഫീസർ -പി എച്ച് സി ) |
| 1-26 | 1,22,438 | ഡോ.ഷോന.എസ്.ആർ (മെഡിക്കൽ ഓഫീസർ -ഹോമിയോ) |
| 1-27 | 49,914 | ഡോ.ഷോന.എസ്.ആർ (മെഡിക്കൽ ഓഫീസർ -ഹോമിയോ) |
| 1-31 | 254470 | ശ്രീമതി ഷീജാമണി കെ., സെക്രട്ടറി |
| ആകെ | 3223103 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്, തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി.ഷീജാമണി.കെ(സെക്രട്ടറി ) | സെക്രട്ടറി,ചൊക്ലി ഗ്രാമ പഞ്ചായത്ത് | ഹരിഗോവിന്ദം, ഒളവിലം |
| ഡോ.കെ.ചന്ദ്രശേഖരൻ (വെറ്റിനറി സർജൻ) | വെറ്റിനറി സർജൻ<br>ചൊക്ലി ഗ്രാമ പഞ്ചായത്ത് | ജ്യോതിസ്സ്, കല്ലാച്ചി |
| ഡോ.അമൃതകല (മെഡിക്കൽ ഓഫീസർ -പി എച്ച് സി ) | മെഡിക്കൽ ഓഫീസർ -പി എച്ച് സി, എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് | മള്ളേരിയിൽ, പള്ളൂർ (പി.ഒ) |
| ഡോ.ഷോന.എസ്.ആർ (മെഡിക്കൽ ഓഫീസർ -ഹോമിയോ) | മെഡിക്കൽ ഓഫീസർ -ഹോമിയോ, വളയം ഗ്രാമ | കിഴക്കയിൽ, ബാൽമേരിപറമ്പിൽ |

| | | |
|---|---|---|
| | പഞ്ചായത്ത് | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 5 |
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 6 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 2 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 7 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 3 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 3 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 1 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 2 |
| 2010-11, 2011-12 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 3 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 5 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 1 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 4 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 1 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 2 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 218/2022 തീയതി 30.03.2022 | 18 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 219/2022 തീയതി 30.03.2022 | 19 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി 9/1637 /2022(1)/07.06.2023 | 11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 290/2023 dated 03-07-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chokli Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chokli Grama Panchayat for the year 2022-2023

Date: 07/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Chokli Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2. The following mandatory Financial Statements such as B1 schedule, Ratios,comparitive amounts for the preceding year prescribed in 2011 Kerala Panchayat Raj Accounting rules are not submitted for audit

3. Lapses in making timely and accurate demand entries in respect of tax and non tax revenue

4. Eventhough the Grama Panchayath has no loan liability, an amount of Rs. 69749 is deducted at source while alloting

Development Fund SCP. The amount is not included in B15 schedule as securable from government of Rs. 13017 (Theyyan Kala Academy)

5.Amount which is not in the bank account has been included in the B-4 Schedule

6.Amount Rs. 39700, Rs. 287232 received in the previous years (when Sankya Software was started) are remain unutilised or adjusted in B4 schedule.

7.Closing stock information is not included in the Balance sheet B14 schedule as per B-14 schedule
8. Amount shown as excess of income over expenditure in B1 schedule do not match with the calculated amount (opening balance +/- surplus as deficit from income and expenditure statement and prior period amount)

9.Tender form sale register not produced for audit

10.Amounts paid as part bill not included under the head B-11 (b) schedule Capital Work in Progress

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1. RECEIPT & PAYMENT STATEMENT

| Chokli Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 15505570.00 |
| Cash | Cash | RP-40(a) | 47199.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1528460.00 |
| 140000000 | Fees & User Charges | RP-4 | 833902.00 |
| 150000000 | Sale & Hire Charges | RP-5 | 117752.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14224000.00 |
| 171000000 | Interest Earned | RP-9 | 394054.00 |
| 190000000 | Prior Period Income | RP-11 | 94104.00 |
| 311000000 | Earmarked Funds | RP-28 | 1573.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 12333977.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 16442214.00 |
| 460000000 | Loans, Advances and Deposits | RP-49 | 69435.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1250.00 |
| 340000000 | Deposits Received | RP-33 | 6968.00 |
| 350000000 | Other Liabilities | RP-35 | 448250.00 |
| | Grand total | | 62048708.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 2472.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2633934.00 |
| 460000000 | Loans, Advances and Deposits | RP-49 | 2177952.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 4200.00 |
| 350000000 | Other Liabilities | RP-35 | 37893787.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19300289.00 |
| Cash | Cash | RP-40(b) | 36060.00 |
| | Grand Total | 62048708.00 | |

2. INCOME & EXPENDITURE STATEMEN T

| Chokli Grama Panchayat INCOME & EXPENDITURE STATEMENT |
|---|

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 7021956.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 6400.00 |
| 140000000 | Fee & User Charges | I-4 | 1131098.00 |
| 150000000 | Sale & Hire Charges | I-5 | 117967.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 145028127.00 |
| 170000000 | Income from Investments | I-7 | 70874.00 |
| 171000000 | Interest Earned | I-8 | 394054.00 |
| 180000000 | Other Income | I-9 | 28886.00 |
| | Total Income | | 153799362.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 14029645.00 |
| 220000000 | Administrative Expenses | I-11 | 1561030.00 |
| 230000000 | Operations & Maintenance | I-12 | 1288989.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4289853.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 28024081.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6136289.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 27435240.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 57029400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 811333.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1453545.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 15466376.00 |
| 190000000 | Prior Period Income | I-19 | 73026.00 |
| | Total Expenditure | | 157526430.00 |

| | | | |
|---|---|---|---|
| | Gross Surplus / Deficit of income over Expenditure | | -3727068.00 |
| | Gross Surplus / Deficit of income over Expenditure | | -3796967.00 |
| 190000000 | Prior Period Income | I-19 | 73026.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -3127.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 69899.00 |

3. BALANCE SHEET

| Chokli Grama Panchayat BALANCE SHEET As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 39203812.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 40506.00 |
| 312000000 | Reserves | B-3 | 65117491.00 |
| | Total Reserve & Surplus | | 104361809.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10070276.00 |
| | Total Grants, Contributions for Specific Purposes | | 10070276.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 85368.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2037043.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2122411.00 |
| | TOTAL LIABILITIES | | 116554496.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 2932910.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2405216.00 |

| | | | |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 19922005.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 121977101.00 |
| 416000000 | Accumulated Depreciation | B-11(a) | -57914466.00 |
| | Total Fixed Assets | | 89322766.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1144864.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 1144864.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3497441.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 19336349.00 |
| 460000000 | Loans, Advances and Deposits | B-18 | 3253076.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 26086866.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 116554496.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ